പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 320 08.06.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ യൂണിഫോം പരിഷ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ജീവനക്കാരുടെ യൂണിഫോം പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br>(a) <u>കണ്ടക്ടർ / ഡ്രൈവർ:-</u><br>എല്ലാത്തരം ബസുകളിലെയും കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നിലവിലെ കാക്കി നിറത്തിന് പകരം ഏകീകൃതമായി നേവി ബ്ലൂ പാന്റ്സ് & സ്കൈ ബ്ലൂ ഷർട്ട് / ചുരിദർ.<br>(b) <u>ഇൻസ്പെക്ടർ/ ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ :-</u><br>കറുത്ത പാന്റ്സ് & തൂവെള്ള ഷർട്ട്. കോർപ്പറേഷന്റെ പേരും എംബ്ലവും, തസ്തികയും രേഖപ്പെടുത്തിയ നാമഫലകം (ഡെസിഗ്നേഷൻ ബോർഡ്) വച്ച ഒരു പോക്കറ്റ് ഉള്ള അരക്കൈ ഷർട്ട് ഇൻ ചെയ്യേണ്ടതാണ്. ഷർട്ടിനോടൊപ്പം ധരിക്കേണ്ട കോർപ്പറേഷന്റെ പേരും, എംബ്ലവും, തസ്തികയും രേഖപ്പെടുത്തിയ നാമഫലകം കോർപ്പറേഷൻ നിർമ്മിച്ച് നൽകും.<br>(c) <u>വെഹിക്കിൾ സൂപ്പർവൈസർ / ചാർജ്ജ്മാൻ / സ്റ്റേഷൻമാസ്റ്റർ:-</u><br>കറുത്ത പാന്റ്സ് & ഇരുണ്ട ക്രീം (Dark Cream) ഷർട്ട്. കോർപ്പറേഷന്റെ പേരും, എംബ്ലവും, തസ്തികയും രേഖപ്പെടുത്തിയ നാമഫലകം (ഡെസിഗ്നേഷൻ ബോർഡ്) വച്ച ഒരു പോക്കറ്റ് ഉള്ള അരക്കൈ ഷർട്ട് ഇൻ ചെയ്യേണ്ടതാണ്. ഷർട്ടിനോടൊപ്പം ധരിക്കേണ്ട നാമഫലകം കോർപ്പറേഷൻ നിർമ്മിച്ച് നൽകും. |

| | | | |
|---|---|---|---|
| | | | (d) <u>സ്റ്റോർ ഇഷ്യൂവർ/പ്യൂൺ:-</u><br>ബ്രൗൺ പാന്റ്സും ഷർട്ടും, വനിതകൾക്ക് ബ്രൗൺ സാരിയും ബ്ലൗസും.<br>(e) <u>സ്വീപ്പർ / ഗ്യാരേജ് മസ്ദൂർ:-</u><br>നേവി ബ്ലൂ പാന്റ്സും ഷർട്ടും, വനിതകൾക്ക് നേവി ബ്ലൂ സാരിയും ബ്ലൗസും.<br>(f) <u>മെക്കാനിക്ക് / പമ്പ് ഓപ്പറേറ്റർ:-</u><br>ഇരുണ്ട ചാര നിറത്തിലുള്ള (Dark Ash) പാന്റ്സ് & ഷർട്ട്.<br>(g) <u>ടയർ ഇൻസ്പെക്ടർ:-</u><br>നേവി ബ്ലൂ പാന്റ്സും, സ്കൈ ബ്ലൂ ഷർട്ടും.<br>(h) <u>സെക്യൂരിറ്റി വിഭാഗം:-</u><br>കാക്കി പാന്റ്സ് & ഷർട്ട്, ബൽറ്റ്, തൊപ്പി, രണ്ട് പോക്കറ്റോടു കൂടിയ അരക്കൈ ഷർട്ട് ഇൻ ചെയ്ത് ബൽറ്റ് ധരിക്കേണ്ടതാണ്. |
| (ബി) | യൂണിഫോം പരിഷ്ക്കരണം എന്നു മുതൽ നടപ്പിലാക്കാനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 2015 ജൂലൈ 1 മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | യൂണിഫോം അലവൻസ്, തൊഴിലാളികൾക്ക് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ; | (സി) | ജൂൺ 20-നകം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | യൂണിഫോം പരിഷ്ക്കരണം മൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് എത്ര രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് വിശദമാക്കുമോ? | (ഡി) | കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാരുടെ യൂണിഫോമിന്റെ നിറവും, ഘടനയും മാത്രമാണ് പരിഷ്ക്കരിച്ചിരിക്കുന്നത്. യൂണിഫോം അലവൻസായി അനുവദിച്ച് വന്നിരുന്ന തുകയിൽ (1000/- രൂപ, 1250/- രൂപ) യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിൽ അധിക ബാദ്ധ്യത ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ